**A**

# സമഗ്രശിക്ഷാ കേരളം

## പാദവാർഷിക മൂല്യനിർണ്ണയം 2024–2025

## മലയാളം

## അടിസ്ഥാനപാഠാവലി

**512**

ക്ലാസ് : 5 | സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ചു പ്രവർത്തനങ്ങളിൽ നാല് എണ്ണത്തിനു ഉത്തരമെഴുതിയാൽ മതി.

---

**പ്രവർത്തനം 1 – വായിക്കാം എഴുതാം**

**ഒപ്പരം**

ആ കളിമൈതാനമാകെ
പൂത്തുമ്പികൾ പാറുമ്പോലെ
പൂത്തിരി പൂക്കുമ്പോലെ
ആ കൊച്ചുകിടാങ്ങളിലാകെ
പന്തൊന്നു പിടിക്കുവാനുള്ള
വെമ്പലൊരു മത്സരമാകുന്നു.
ഉന്തിയും തള്ളിയും വീണും
തോറ്റും കിതച്ചും ജയിച്ചും
നിയമങ്ങൾക്കൊത്തും തെറ്റിച്ചും
തമ്മിൽക്കലരുകയാണവർ
ഈ മൈതാനമെത്രയോ ധന്യം
കുഞ്ഞുപാദങ്ങൾ പുണർന്നതിൻ പുണ്യം!

സുരേന്ദ്രൻ കാടങ്കോട്

(1) 'പൂത്തിരി പൂക്കുമ്പോലെ' ഏത് വികാരത്തെയാണ് അർഥമാക്കുന്നത്?
(ആഹ്ളാദം, മത്സരം, വിദ്വേഷം, കിതപ്പ്)

(2) പൂത്തുമ്പികൾ പാറുന്നതുപോലെ പാറിയത്?
(കൊച്ചുകിടാങ്ങൾ, പന്ത്, നിയമങ്ങൾ, പാദങ്ങൾ)

(3) പന്ത് പിടിക്കാനുള്ള വെമ്പൽ എന്തായി മാറുന്നു?
(കിതപ്പ്, മത്സരം, ധന്യത, തോൽവി)

(4) മൈതാനത്തിന്റെ പുണ്യം എന്താണ്?
(കളിക്കാർ തമ്മിൽ മത്സരിച്ചത്, നിയമങ്ങൾക്കൊത്ത് കളിച്ചത്, കുഞ്ഞുപാദങ്ങൾ പുണർന്നത്, നിയമങ്ങളുള്ളത്.)

(5) 'ഉന്തിയും തള്ളിയും വീണും
തോറ്റും കിതച്ചും ജയിച്ചും'
ഈ വരികളിൽ അർഥമാകുന്നതെന്ത്?
(കുട്ടിക്കളികൾ ഇങ്ങനെയൊക്കെയാണ്, ജയിച്ചേ മതിയാകൂ, ഉന്തും തള്ളും പാടില്ല, തോറ്റാൽ കിതയ്ക്കും)

**പ്രവർത്തനം 2 - അഭിപ്രായക്കുറിപ്പ്**

" പെൺകുട്ടികളെ ഫുട്ബോൾ കളിക്കാൻ കൂട്ടാമോ?

അവർക്കു പറ്റിയ കളിയാണോ ഫുട്ബോൾ?

നീ പോയി കഞ്ഞിയും കറിയും വെച്ചു കളിക്ക്"

'പന്തു കളിക്കാനൊരു പെൺകുട്ടി' എന്ന പാഠത്തിലെ പ്രകാശന്റെ വാക്കുകൾ ഓർമ്മിക്കുന്നുണ്ടല്ലോ. ഈ പത്രവാർത്ത ശ്രദ്ധിക്കൂ.

**വനിതാ ഫുട്ബോൾ തിരിച്ചെത്തുന്നു**

*തിരുവനന്തപുരം : കേരളത്തിലെ വനിതാ ഫുട്ബോൾ ക്ലബ്ബുകൾ തിരിച്ചു വരുന്നു. താരങ്ങൾക്ക് നിരവധി അവസരങ്ങൾ നൽകിക്കൊണ്ട് കായികപ്രേമികൾ വനിതാ ഫുട്ബോൾ വസന്തം ഒരുക്കുകയാണ് ഓരോ പഞ്ചായത്തിലും.*

പ്രകാശന്റെ വാക്കുകളും പത്രവാർത്തയും വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം കുറിപ്പായി എഴുതുക.

**പ്രവർത്തനം 3 - ദൃക്സാക്ഷി വിവരണം**



സ്കൂളിൽ നടന്ന ഒരു കളിയുടെ ചിത്രമാണിത്. ഒരു കൂട്ടുകാരൻ മൈക്കിലൂടെ കളി വിവരണം നടത്തുന്നുണ്ട്. നിങ്ങളാണ് ദൃക്സാക്ഷി വിവരണം നടത്തുന്നതെങ്കിൽ എന്തൊക്കെയാവും പറയുക? സങ്കല്പിച്ചെഴുതുക.

**പ്രവർത്തനം 4 - (എ) പോസ്റ്റർ**

ക്ലാസ്സ് കായികോത്സവത്തിന്റെ ഭാഗമായി കളികളും കായിക മത്സരങ്ങളും പൂർത്തിയായിട്ടുണ്ട്. മനോഹരമായ ഒട്ടേറെ കളി നിമിഷങ്ങളുടെ ചിത്രങ്ങൾ, വിവരണങ്ങൾ, വാർത്തകൾ എന്നിവ ചേർത്ത് 'രസക്കളി' എന്ന പേരിൽ ഒരു പതിപ്പ് തയ്യാറാക്കുന്നു. പതിപ്പിന്റെ പ്രകാശനം സെപ്തംബർ 30 ന് പ്രമുഖ അത്‌ലറ്റ് പി.യു.ചിത്ര നിർവ്വഹിക്കും.

'രസക്കളി'യുടെ പ്രകാശനവുമായി ബന്ധപ്പെട്ട പോസ്റ്റർ തയ്യാറാക്കുക.

**(ബി)**

'വടത്തിന്റെ മധ്യത്തിലുള്ള കൈലേസിൽ കണ്ണുംനട്ട് അങ്ങനെ നിൽക്കും' - ഏതു കളിയുമായി ബന്ധപ്പെട്ട പരാമർശമാണിത്?

(മീൻവായിലൂടോട്ടം, വടംവലി, മൂന്നുകാലിലോട്ടം)

**പ്രവർത്തനം 5 - (എ) ഡയറിക്കുറിപ്പ്**

'ഒരു വീരനായകന്റെ അഭിമാനത്തോടെ ഒന്നിനു പിന്നാലെ ഒന്നായി സമ്മാനങ്ങൾ വാങ്ങിക്കൊണ്ടിരുന്ന അവനെ മറ്റു കുട്ടികൾ അസൂയയോടെ നോക്കി'

വിജയിയെ നിങ്ങൾക്ക് അറിയാമല്ലോ? അന്നേ ദിവസം തകാഹാഷി എഴുതാനിടയുള്ള ഡയറിക്കുറിപ്പ് സങ്കല്പിച്ചെഴുതുക.

**(ബി)**

പിടിക്കാവുന്ന ഒന്നും രണ്ടും പന്തുകൾ ഞാൻ മന:പൂർവ്വം വിട്ടുകളഞ്ഞു. അതിന് പ്രകാശൻ നടത്തിയ പ്രയോഗം എന്തായിരുന്നു?

(ഓട്ടക്കൈ, കൊട്ടയിൽവാരി, ജാഗരൂകത)

**പ്രവർത്തനം 6 - (എ) അനുഭവക്കുറിപ്പ്**

കൂട്ടുകാരോടൊപ്പം ചേർന്ന് പലവിധ കളികളിൽ ഏർപ്പെട്ടിട്ടുള്ള രസകരമായ അനുഭവങ്ങൾ നമ്മൾക്ക് ഉണ്ടായിട്ടുണ്ടാവും. മഴയിലും വെയിലിലും പാടത്തും പറമ്പിലും നമ്മൾ കളിച്ചിട്ടുണ്ടാവും. ജയിക്കുകയോ തോൽക്കുകയോ ചെയ്തിരിക്കാം. നിങ്ങളുടെ അനുഭവം എന്തായാലും അതിനെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

**(ബി)**

'വാലേപിടിച്ചും വലിച്ചും പിന്നെ' - ആരുടെ വാലിൽ?

(അരയന്നങ്ങളുടെ, കന്നുകളുടെ, വാനരൻമാരുടെ)